**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** — **02-02-2024 - ൽ മറുപടിയ്ക്ക്**

**മങ്കട ഗവ.ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ഗവ.ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്, ഏതെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നത്, ഓരോ പ്രവൃത്തിയ്ക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിലവിൽ നടന്നു വരുന്നതും ആരംഭിക്കാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.**<br><br>**സൈക്കോളജി & കമ്പ്യൂട്ടർ ലാബ് നിർമ്മാണം - ഈ നിർമ്മാണ പ്രവർത്തനത്തിനായി 15,72,000/- (പതിനഞ്ചു ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) രൂപ കോളേജിന് അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണപ്രവർത്തനം അതിന്റെ അന്തിമഘട്ടത്തിൽ ആണ്.**<br><br>**റീറ്റെയ്നിങ് വാളിന്റെയും കോമ്പൗണ്ട് വാളിന്റെയും നിർമ്മാണം - ഈ നിർമ്മാണ പ്രവർത്തനത്തിനായി 99,35,541/- (തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി നാല്പത്തൊന്നു രൂപ മാത്രം) രൂപ അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി കിറ്റ്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തിയുടെ ടെൻഡർ നടപടികൾ കിറ്റ്കോ നിലവിൽ ആരംഭിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത കോളേജിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയ സാഹചര്യത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **കിഫ്ബി വഴി ഈ കോളേജിന് പുതിയ അക്കാഡമിക് ബ്ലോക്ക് (G+2) നിർമ്മാണത്തിനാണ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്.** |
| (സി) | മങ്കട ഗവ.ആർട്സ് & സയൻസ് കോളേജിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ കൂടി ഒരുക്കേണ്ടതുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്, ഇതിനായി ഏതെങ്കിലും തരത്തിലുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോ, വ്യക്തമാക്കുമോ? | (സി) | മങ്കട കോളേജിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ താഴെ നൽകുന്നു.<br><br>നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്കിലേക്കുള്ള ആഭ്യന്തര റോഡ് സൗകര്യം.<br><br>സെമിനാർ ഹാൾ<br><br>ഓഡിറ്റോറിയം |

| | | | |
|---|---|---|---|
| | | | ലൈബ്രറി ബ്ലോക്ക്<br><br>ലേഡീസ് ഹോസ്റ്റൽ<br><br>മെൻസ് ഹോസ്റ്റൽ<br><br>കാന്റീൻ<br><br>കോളേജ് ചുറ്റുമതിൽ രണ്ടാംഘട്ട നിർമ്മാണം<br><br>മേൽ പരാമർശിച്ചിരിക്കുന്ന വർക്കുകൾക്കായി പ്രത്യേകം ഫണ്ട് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ